കേരള സർക്കാർ

നം.49683/ഡിസി2/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 28-8-09.

## സർക്കുലർ

വിഷയം:- പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 5-4-08-ലെ 23803/ഡിസി2/08/തസ്വഭവ നമ്പർ സർക്കുലർ.

പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് സൂചനപ്രകാരം പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലും ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ എത്ര സീറ്റുള്ളവയ്ക്കാണ് ഇത് ബാധകമാക്കേണ്ടതെന്ന് വ്യക്തമാക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും ആവശ്യപ്പെടുകയുണ്ടായി. മേല്പറഞ്ഞ സാഹചര്യത്തിൽ 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും ഇത് ബാധകമാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു.

കൂടാതെ സൂചനയിലെ സർക്കുലറിൽ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർദ്ദേശിച്ച കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം/കൊല്ലം/കൊച്ചി/തൃശ്ശൂർ/കോഴിക്കോട് കോർപ്പറേഷൻ.
വിവരവിനിമയ പൊതുജന സമ്പർക്കവകുപ്പ്.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻപ്രകാരം.

സെക്ഷൻ ഓഫീസർ